# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3298** **08.11.2019 ൽ മറുപടിയ്ക്ക്**

**ജൈവ പച്ചക്കറി കൃഷി വ്യാപനത്തിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| ജൈവ പച്ചക്കറി കൃഷി വ്യാപനത്തിന് കൃഷി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജൈവകൃഷിയും ഉത്തമ കൃഷിമുറകളും എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവ കാർഷിക പ്രവർത്തനങ്ങൾ<br>15-25 ഹെക്ടർ ഉൾക്കൊള്ളുന്ന ഓരോ ക്ലസ്റ്ററിനും 75000/- രൂപ ധനസഹായം നൽകുന്നുണ്ട്.<br>2. ഇക്കോഷോപ്പ്<br>ജൈവ ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ, മറ്റ് ഉല്പാദനോപാധികൾ എന്നിവയുടെ വിപണനത്തിനായി 241 ഇക്കോഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു.<br>3. ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം.<br>ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന ജൈവ ഉല്പന്നങ്ങൾ കോർപ്പറേഷൻ, മുൻസിപ്പാലിറ്റികൾ, ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ വിപണനം നടത്തുന്നതിന് ഇതിനോടകം 32 നേരിട്ടുള്ള വിപണികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>4. കാസർഗോഡ് ജില്ലയിൽ പി.ജി.എസ് സർട്ടിഫിക്കേഷൻ<br>കാസർഗോഡ് ജില്ലയെ പൂർണ്ണ ജൈവ കൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി വി.എഫ്.പി.സി.കെ മുഖാന്തിരം പി.ജി.എസ് സർട്ടിഫിക്കേഷൻ നടത്തുന്നതിന് 2016-17 മുതൽ 1000 ഹെക്ടറിലേക്ക് 190 ലക്ഷം രൂപ വി.എഫ്.പി.സി.കെ ക്ക് അനുവദിച്ചിട്ടുണ്ട്. |

5. കുട്ടനാട് ജി.എ.പി പദ്ധതി

കുട്ടനാട്ടിലെ പ്രത്യേക പരിസ്ഥിതി- ആവാസ വ്യവസ്ഥകൾക്ക് അനുസൃതമായി നെൽകൃഷിയിൽ നല്ല കൃഷി മുറകൾ പാലിച്ച് സുസ്ഥിര നെൽകൃഷിക്കുള്ള പദ്ധതികൾ ആവിഷ്കരിച്ച് 2017-18, 2018-19 വർഷങ്ങളിൽ നടപ്പിലാക്കി. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ 27750 ഹെക്ടർ പാടശേഖരത്തിലാണ് ഈ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിയത്.

6.സമ്പൂർണ്ണ ജൈവകാർഷിക മണ്ഡലം അവാർഡ്

ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി നിയോജക മണ്ഡലം, കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നീ തലങ്ങളിൽ മികവിന്റെ അടിസ്ഥാനത്തിൽ അവാർഡുകൾ നൽകുന്നു.

7. കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന

സംസ്ഥാന കൃഷി വകുപ്പ് പഴം- പച്ചക്കറികളിൽ 'സേഫ് റ്റു ഈറ്റ്' എന്ന പദ്ധതി ഘടകം ഉൾപ്പെടുത്തി വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തുകയും പരിശോധനാ ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

8. സീറോ ബഡ്ജറ്റ് നാച്ചറൽ ഫാമിംഗ്

"സീറോ ബഡ്ജറ്റ് നാച്ചറൽ ഫാമിംഗ്" എന്ന പുതിയ കൃഷി രീതി കർഷകരിലേക്ക് എത്തിക്കുന്നതിനും അതിലൂടെ സുസ്ഥിര കൃഷി ചെലവു കുറഞ്ഞ രീതിയിൽ നടപ്പാക്കി വരുമാന വർധനവ് ഉണ്ടാക്കുന്നതിനും കാർഷകരെ സജ്ജമാക്കുന്നതിന്റെ ഭാഗമായി സീറോ ബഡ്ജറ്റ് നാച്ചറൽ ഫാമിംഗിന്റെ പ്രയോക്താവായ പത്മശ്രീ. സുഭാഷ് പലേക്കറിന്റെ സാന്നിദ്ധ്യത്തിൽ സംസ്ഥാന തല ശില്പശാല സംഘടിപ്പിക്കുകയുണ്ടായി.

9. ഫാം സ്കൂൾ മുഖേന കർഷകർക്കുള്ള പരിശീലനങ്ങൾ

ജൈവകൃഷി രീതി കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും

വേണ്ടി ഫാം സ്കൂളുകൾ സജ്ജീകരിച്ച്, കർഷകർക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. ഇത്തരം 73 ഫാം സ്കൂളുകൾ സംസ്ഥാനത്തുടനീളം 2018-19 ൽ സംഘടിപ്പിച്ചിട്ടുണ്ട്.

ഇതിനു പുറമേ കേന്ദ്രാവിഷ്കൃത പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ) വഴി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഫണ്ട് 60:40 എന്ന അനുപാതത്തിൽ ഉപയോഗപ്പെടുത്തി 619 പി.ജി.എസ് ക്ലസ്റ്ററുകൾ വഴിയും ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നുണ്ട്.

Mayap

**സെക്ഷൻ ഓഫീസർ**